പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2608 **28-10-2026-ൽ മറുപടിയ്ക്ക്**

ഡ്രോൺ റിസർച്ച് സെന്റർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) കൊട്ടാരക്കരയിൽ ഡ്രോൺ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി 2025-26 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ ഇരുപത് ശതമാനം തുക വകയിരുത്തിയിരുന്നോ; വ്യക്തമാക്കാമോ;

മറുപടി: കൊട്ടാരക്കരയിൽ ഡ്രോൺ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി 2025-26 ലെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ പദ്ധതിയുടെ ആകെ അടങ്കൽ തുകയായ 2 കോടി രൂപയുടെ 20% ആയ 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ബി) പ്രസ്തുത ഡ്രോൺ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിന് നൈപുണ്യ വികസന വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

മറുപടി: കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര വില്ലേജിൽ ബ്ലോക്ക് 23-ൽ റീ സർവ്വേ 272/1-ൽ ഉൾപ്പെട്ടതും ബി.റ്റി.ആർ. പ്രകാരം കൃഷി വകുപ്പിന്റെ പേരിൽ വന്നിട്ടുള്ളതുമായ 33.5720 ഹെ. സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ട 1.2140 ഹെക്ടർ (3 ഏക്കർ) ഭൂമി ഡ്രോൺ റിസർച്ച് & ഇന്നോവേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പിന് കൈമാറികിട്ടുന്നതിനായി തയ്യാറാക്കിയ റിക്വിസിഷൻ ഫോം തുടർനടപടികൾക്കായി കൊല്ലം ജില്ലാ കളക്ടർക്ക് 25-3-2026-ൽ അയച്ചുകൊടുത്തിട്ടുണ്ട്.

(സി) സ്ഥലം ലഭ്യമാക്കുന്നതിനായി നൈപുണ്യ വകുപ്പിൽനിന്നും നിർദ്ദിഷ്ട ഫോറത്തിലുള്ള അർത്ഥനാപത്രം നൽകിയിട്ടുണ്ടോ; ഇല്ലാത്തപക്ഷം അടിയന്തരമായി അർത്ഥനാപത്രം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ